# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:234** 25.04.2017-ൽ മറുപടിക്ക്

## ഇ-ഹെൽത്ത് രജിസ്റ്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഇ-ഹെൽത്ത് രജിസ്റ്റർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ അത് നടപ്പിലാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; | എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഇ-ഹെൽത്ത് പദ്ധതിയാണ്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 25 ന് തിരുവനന്തപുരം പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിൽ നടന്നു. തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി. തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലാണ് ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) | ഇ-ഹെൽത്ത് രജിസ്റ്റർ നടപ്പിലാക്കുക വഴി എന്തെല്ലാം സൗകര്യങ്ങൾ രോഗികൾക്ക് ലഭ്യമാകും എന്നറിയിക്കാമോ? | ബി) | പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ശേഖരിക്കുക വഴി ഒരു രോഗിക്ക് സംസ്ഥാനത്തെ ഏത് സർക്കാർ ആശുപത്രികളിലും തുടർ ചികിത്സയ്ക്ക് സൗകര്യം ലഭിക്കുന്നു. പ്രാഥമികമായ ആരോഗ്യ വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമായതിനാൽ അപ്രതീക്ഷിതമായി വൈദ്യസഹായം വേണ്ട ഘട്ടം വരുമ്പോൾ വളരെയേറെ സമയലാഭം ലഭിക്കുകയും ചെയ്യും. ആശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട സേവനം രോഗിക്ക് ലഭിക്കുന്നു. ടെസ്റ്റ് റിസൾട്ടുകൾ അപ്പപ്പോൾ ഡോക്ടർമാരുടെ കമ്പ്യൂട്ടറിൽ ലഭിക്കുന്നതിനാൽ കാലതാമസം ഒഴിവാകുന്നു.<br><br>സാംക്രമിക രോഗങ്ങളുടെ ഉത്ഭവത്തെ യഥാസമയം കണ്ടെത്തി അതിന്റെ വ്യാപനത്തെ യഥാവസരം തന്നെ നിയന്ത്രിക്കാൻ കഴിയുന്നു. ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കാലേകൂട്ടി തന്നെ നടത്താൻ പദ്ധതി സഹായകമാകും. ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ പദ്ധതി നടപ്പിലാകുന്നതോടെ ലഭിക്കുകയും ചെയ്യുന്നു.<br><br>കൂടുതൽ ശ്രദ്ധയും പരിചരണവും വേണ്ടവർക്ക് അത് അനുസരിച്ചുള്ള വിവരങ്ങൾ കമ്പ്യൂട്ടറിൽ നിന്നും ആരോഗ്യ പ്രവർത്തകർക്ക് ലഭിക്കുന്ന സംവിധാനവും ഉണ്ട്. ഗർഭിണികളായ സ്ത്രീകൾക്ക് കൃത്യമായ |

| | | | |
|---|---|---|---|
| | | | ഇടവേളകളിൽ നൽകേണ്ട നിർദ്ദേശങ്ങൾ, കുട്ടികൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവ ഉദാഹരണം.<br><br>എഴുത്തുകുത്തുകളും രജിസ്റ്ററുകളും ഒഴിവാകുന്നത് വഴി ആരോഗ്യ പ്രവർത്തകർക്ക് ജോലി ഭാരം ലഘൂകരിച്ച് കൂടുതൽ സമയം സേവന മേഖലയിൽ ശ്രദ്ധിക്കാൻ കഴിയുന്നു. ആശുപത്രികളിൽ മരുന്നുകളുടെ സ്റ്റോക്ക് നിലവാരം മനസ്സിലാക്കി അവ തീരുന്ന മുറയ്ക്ക് സംഭരിക്കാൻ സാധിക്കുന്നു.<br><br>വിവിധ ക്ഷേമ പരിരക്ഷകളും അവയുടെ സാമ്പത്തിക വിനിമയ നടപടികളും കൂടുതൽ സുഗമമായി കൈകാര്യം ചെയ്യാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ